സിങ്. എന്നാൽ, നടപടികൾക്കു ക്കതിന്നു തയാറാണെന്നു പാക് യായാണ്, ഐക്യരാഷ്ട്രസഭാപ്ര ക്കുകയും ചെയ്തു.

ഭൂരഹിതരില്ലാത്ത കേരളം: സ്വന്തം ഭൂമി നൽകി മാതൃകയായി മൂന്നുപേർ

പാവപ്പെട്ടവർക്കു സ്വന്തം ഭൂമി നൽകാൻ തീരുമാനിച്ചവരിൽ രണ്ടുപേർ വില്ലേജ് ഓഫിസർമാർ

സ്വന്തം ലേഖകർ

വി.പി. നസീമ, എം.എഫ്. ഗീവർ, കെ.എ. വർഗീസ്

ഭൂരഹിതരില്ലാത്ത കേരളമെന്ന വിശാല സ്വപ്നത്തിന്റെ ആദ്യപടിയിലേക്കു കേരളം പദമൂന്നുമ്പോൾ സ്വന്തം ഭൂമി വിട്ടുനൽകി ഹൃദയവിശാലതയുടെ പുതിയ ചരിത്രമെഴുതുന്നതു മൂന്നുപേർ. ഇവരിൽ രണ്ടുപേർ, ഭൂരഹിതർക്കായി സർക്കാർ ഭൂമി കണ്ടെത്താൻ നിയോഗിക്കപ്പെട്ട വില്ലേജ് ഓഫിസർമാരാണെന്ന കൗതുകം വേറെയും. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാംഘട്ട പട്ടയവിതരണം നാളെ നടക്കുമ്പോൾ, കണ്ണൂർ മൊകേരി വില്ലേജ് ഓഫിസർ വി.പി. നസീമ, തൃശൂർ എളവള്ളി വില്ലേജ് ഓഫിസർ എം.എഫ്. ഗീവർ, പത്തനംതിട്ട കല്ലൂപ്പാറ തുരുത്തിക്കാട് കണ്ണമലയിൽ പരേതനായ കെ.എ. വർഗീസ് (കുഞ്ഞുഞ്ഞുകുട്ടി-78) എന്നിവരാണു പാവപ്പെട്ടവർക്കു ഭൂമി നൽകി മാതൃകയാകുന്നത്.

പക്ഷേ, സ്വന്തം ഭൂമി ഭൂരഹിതർക്കു നൽകുന്ന ചടങ്ങിനു സാക്ഷിയാവാൻ കുഞ്ഞുഞ്ഞുകുട്ടി ഉണ്ടാവില്ല. ജൂൺ 11ന് അദ്ദേഹം നിര്യാതനായി. 24.58 സെന്റ് സ്ഥലമാണു കുഞ്ഞുഞ്ഞുകുട്ടി സർക്കാരിനു നൽകിയത്. കഴിഞ്ഞ ഏപ്രിൽ ഏഴിനു മന്ത്രി അടൂർ പ്രകാശ് വീട്ടിലെത്തി രേഖകൾ ഏറ്റുവാങ്ങി. ഈ സമയത്തും വാർധക്യസഹജമായ അസുഖങ്ങൾ അദ്ദേഹത്തെ അലട്ടിയിരുന്നു. കുഞ്ഞുഞ്ഞുകുട്ടി കാട്ടിയ നല്ല മാതൃകയ്ക്ക് അഭിനന്ദനവും അറിയിച്ചാണു മന്ത്രി മടങ്ങിയത്. വീടിന് 200 മീറ്റർ അകലെ ഈട്ടിക്കപ്പടിയിലുള്ള സ്ഥലമാണു ഭൂരഹിതർക്കായി വിട്ടുനൽകിയത്. ടെലികോം വകുപ്പ് സീനിയർ സെക്‌ഷൻ സൂപ്പർവൈസറായിരുന്നു.

പിതൃസ്വത്തിൽ നിന്നു ലഭിച്ച മൂന്നു സെന്റ് സ്ഥലമാണു വി.പി. നസീമ സർക്കാരിനു കൈമാറിയത്. തൃപ്രങ്ങോട്ടൂർ വില്ലേജിലെ പൊയിലൂർ ദേശത്തിൽപ്പെട്ട ഉണ്ടാക്കൂൽ ഭൂമിയായിരുന്നു ആറുമാസം മുൻപു ജില്ലാ കലക്ടർ ഡോ. രത്തൻ ഖേൽക്കർക്ക് തലശേരി താലൂക്ക് ഓഫിസിൽ നടന്ന ചടങ്ങിൽ കൈമാറിയത്. പാട്യം കൊങ്ങാറ്റയിൽ വി.കെ. നിവാസിൽ താമസിക്കുന്ന നസീമ വില്ലേജ് ഓഫിസർ പദവി സാമൂഹിക സേവനത്തിനുള്ള അവസരമായാണു കാണുന്നത്. മൊകേരി രാജീവ് ഗാന്ധി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകനായ സ്മിതാനന്ദനാണു ഭർത്താവ്.

ഭൂരഹിതർക്കു ഭൂമി നൽകാനുള്ള സർക്കാർ പദ്ധതിക്കായി ഭൂമി അന്വേഷിച്ചിറങ്ങി ഒടുവിൽ സ്വന്തം ഭൂമി ദാനം ചെയ്താണ് എം.എഫ്. ഗീവർ എന്ന വില്ലേജ് ഓഫിസർ വ്യത്യസ്തനാകുന്നത്. ചാവക്കാടു താലൂക്കിലെ എളവള്ളി വില്ലേജ് ഓഫിസറാണു കുറിച്ചിക്കര താണിക്കുടം മാറോക്കി വീട്ടിൽ ഗീവർ. സ്വന്തം പുരയിടത്തിൽ നിന്നാണു മൂന്നു സെന്റ് പദ്ധതിക്കു വിട്ടുനൽകിയത്. മൂന്നുമാസം മുൻപു മന്ത്രി അടൂർ പ്രകാശ് തൃശൂരിലെത്തിയ വേളയിൽ ഭൂമിദാന സമ്മതപത്രം നൽകി.